**A** **705**

# രണ്ടാം പാദവാർഷിക മൂല്യനിർണയം 2016–17

ക്ലാസ്സ് : 7 | സാമൂഹ്യശാസ്ത്രം | സമയം: 2 മണിക്കൂർ

---

## *നിർദേശങ്ങൾ*

1. മൂല്യനിർണയ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുമ്പ് 15 മിനുട്ട് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ നന്നായി വായിച്ച് മനസ്സിലാക്കാനുള്ളതാണ്.
2. എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതണം

---

**പ്രവർത്തനം : 1**

ഇന്ത്യയിലെ എല്ലാ ജനങ്ങൾക്കും ഭക്ഷ്യ സുരക്ഷ ഉറപ്പുവരുത്തുക എന്നത് ഗവൺമെന്റിന്റെ ചുമതലയാണ്.

എ) ഭക്ഷ്യസുരക്ഷ ഉറപ്പാക്കുക എന്നത് പല ഘടകങ്ങളെ ആശ്രയിച്ചിരിക്കുന്നു. ഏതെങ്കിലും 2 ഘടകങ്ങൾ എഴുതുക.

ബി) ദാരിദ്ര്യനിർമ്മാർജനത്തിനായി സർക്കാർ വിവിധ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. ഇതിൽ ഒന്നാണ് അന്ത്യോദയ അന്നയോജന. താഴെ കൊടുത്തിരിക്കുന്നവയിൽ ഈ പദ്ധതിയുടെ ലക്ഷ്യത്തിൽ ഉൾപ്പെടാത്തത് ഏത്?

* ദാരിദ്രരേഖക്ക് താഴെയുള്ള ഏറ്റവും പ്രയാസപ്പെടുന്ന കുടുംബങ്ങൾക്ക് പ്രയോജനം
* സ്വന്തമായി വരുമാനമില്ലാത്ത 65 വയസ്സിനുമേൽ പ്രായമുള്ളവർക്ക് പ്രയോജനം
* മാസം 35 കിലോ അരി 3 രൂപയ്ക്ക്. ഗോതമ്പാണെങ്കിൽ 2 രൂപയ്ക്ക്.

സി) ഭക്ഷ്യോൽപാദനം കുറയുന്നതിന്റെ ഒരു കാരണമാണ് കൃഷിഭൂമി മറ്റാവശ്യങ്ങൾക്കായി ഉപയോഗിക്കുന്നത്. ഇതിനെ നേരിടുന്നതിനായി നിങ്ങൾക്ക് എന്തെല്ലാം നിർദേശങ്ങൾ നൽകാം?

**പ്രവർത്തനം : 2**

എ) പ്രാഥമിക, ദ്വിതീയ, തൃതീയ മേഖലകൾ പരസ്പരം ബന്ധപ്പെട്ട് പ്രവർത്തിക്കുമ്പോഴാണ് സാമ്പത്തിക വളർച്ച ഉണ്ടാകുന്നത്. ഈ മൂന്നു മേഖലകളെക്കുറിച്ചും വിശദീകരിക്കുക.

ബി) തന്നിരിക്കുന്ന സാമ്പത്തിക പ്രവർത്തനങ്ങളുടെ ചാക്രിക പ്രവാഹം പൂർത്തിയാക്കുക




**പ്രവർത്തനം : 3**

ശിലകളും മണ്ണും കൊണ്ട് രൂപപ്പെട്ടതാണ് ശിലാമണ്ഡലം .

എ) ശിലാ മണ്ഡലത്തിലെ ഏറ്റവും ആഴം കൂടിയ ഭാഗം ഏത്?

ബി)

| | |
|---|---|
| വയൽ നികത്തൽ | വന നശീകരണം |
| മണലൂറ്റ് | അശാസ്ത്രീയമായ കൃഷിരീതികൾ |

ശിലാമണ്ഡലത്തിനെ ദോഷകരമായി ബാധിക്കുന്ന മനുഷ്യന്റെ ചില ഇടപെടലുകളാണ് മുകളിൽ കൊടുത്തിരിക്കുന്നത്. ഇത്തരം പ്രവർത്തനങ്ങളിലൂടെ ധാരാളം പ്രത്യാഘാതങ്ങൾ ശിലാമണ്ഡലത്തിൽ സംഭവിക്കുന്നുണ്ട്. വിശദമാക്കുക.

പ്രവർത്തനം : 4

ഭൂമിശാസ്ത്രകാരന്റെ പ്രധാന ഉപകരണമാണ് ഭൂപടം.

എ) ആധുനിക ഭൂപടനിർമ്മാണത്തിന്റെ പിതാവ് എന്നറിയപ്പെടുന്നതാര്?

ബി)







പ്രതിരോധമേഖലയിലെ ഭൂപടത്തിന്റെ ഉപയോഗ സാദ്ധ്യതകളാണ് മുകളിൽ കൊടുത്തിരിക്കുന്ന വാർത്തകൾ സൂചിപ്പിക്കുന്നത്. മറ്റേതെല്ലാം മേഖലകളിലാണ് ഭൂപടങ്ങൾ ഉപയോഗിക്കുന്നത്? വിശദീകരിക്കുക.(ഏതെങ്കിലും രണ്ടെണ്ണം)

**പ്രവർത്തനം : 5**

ഭൂമിയിൽ 2/3 ഭാഗം ജലമാണെങ്കിലും അതിൽ 3% മാത്രമാണ് ശുദ്ധജലം. വിവിധ സ്രോതസ്സുകളിൽ നിന്ന് ലഭിക്കുന്ന ജലത്തിൽ മനുഷ്യന് ഉപയോഗിക്കാൻ കഴിയുന്നത് കേവലം 1% ൽ താഴെയാണ്.

എ) പ്രകൃതിദത്തമായി നമുക്ക് ലഭിക്കുന്ന ഏറ്റവും ശുദ്ധമായ ജലം?

ബി) ശുദ്ധജല സ്രോതസ്സുകൾ മലിനമാകുന്നത് എങ്ങനെ?

സി) ജല സ്രോതസ്സുകൾ സംരക്ഷിക്കുന്നതിന് എന്തെല്ലാം നിർദേശങ്ങൾ നിങ്ങൾക്ക് നൽകാൻ കഴിയും?

പ്രവർത്തനം : 6

തിരുവിതാംകൂറിൽ നിരവധി സാമൂഹിക പരിഷ്കരണ പ്രവർത്തനങ്ങൾ നടന്നിരുന്നു.

എ) ശ്രീമൂലം പ്രജാസഭയിൽ അംഗങ്ങളായിരുന്ന രണ്ട് സാമൂഹിക പരിഷ്കർത്താക്കളുടെ പേര് എഴുതുക.

ബി) കേരളത്തിന്റെ വിദ്യാഭ്യാസ മേഖലകളിൽ പുത്തനുണർവ്വ് സൃഷ്ടിച്ച പരിഷ്കർത്താക്കളായിരുന്നു സഹോദരൻ അയ്യപ്പൻ, പണ്ഡിറ്റ് കെ.പി. കറുപ്പൻ, സനാഉള്ള സയ്യിദ് മക്തി തങ്ങൾ എന്നിവർ. ഇവരുടെ സാമൂഹിക പരിഷ്കരണ പ്രവർത്തനങ്ങൾ താരതമ്യം ചെയ്ത് സമാനതകൾ വിശദമാക്കുക.

പ്രവർത്തനം : 7

എ) ബാലഗംഗാധര തിലക്, ബിബിൻ ചന്ദ്രപാൽ, ലാലാ ലജ്പത് റായ് എന്നിവരുടെ സമരരീതികളിൽ നിന്ന് ഗാന്ധിജിയുടെ സമരരീതികൾ എങ്ങനെ വ്യത്യാസപ്പെട്ടിരിക്കുന്നു എന്ന് കണ്ടെത്തിയെഴുതുക

ബി) ഇന്ത്യൻ സ്വാതന്ത്ര്യസമരവുമായി ബന്ധപ്പെട്ട മൂന്ന് സുപ്രധാന സംഭവങ്ങളാണ് താഴെ കൊടുത്തിരിക്കുന്നത്. ഇവ ഏത് സംസ്ഥാനങ്ങളിലാണ് നടന്നത് എന്ന് ഭൂപടത്തിൽ അടയാളപ്പെടുത്തുക.

1. ചമ്പാരൻ സമരം
2. ഖേഡ സമരം
3. ജാലിയൻ വാലാബാഗ്



**പ്രവർത്തനം : 8**

കേരളത്തിൽ നടന്ന ബ്രിട്ടീഷ് വിരുദ്ധ കലാപങ്ങളിൽ ശ്രദ്ധേയമായ ഒന്നായിരുന്നു മലബാർ കലാപം.

എ) മലബാർ കലാപം നടന്ന വർഷം ഏത്?

ബി) മലബാർ കലാപത്തിലേക്ക് നയിച്ച സാഹചര്യങ്ങൾ വിശദമാക്കുക.

..................